പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3952

31.01.2014-ലെ മറുപടിയ്ക്ക്

## ഭക്ഷ്യ സംസ്കരണ വ്യവസായത്തിനുള്ള സഹായം

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

(എ) ഭക്ഷ്യസംസ്കരണ വ്യവസായത്തിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഭക്ഷ്യോൽപ്പന്ന വിപണി വിപുലീകരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി

(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ)യും (ബി)യും

കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75%വും സംസ്ഥാന വിഹിതം 25% വുമാണ്. ഇതുപ്രകാരം ഭക്ഷ്യ സംസ്കരണ മന്ത്രാലയം 2012-13 സാമ്പത്തിക വർഷത്തിൽ 4.73 കോടിരൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സംസ്കരണ മന്ത്രാലയം പ്രാരംഭ ചിലവുകൾക്കായി 1.50 കോടിരൂപയും നൽകിയിരുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 4.5 കോടിരൂപയും ലഭ്യമാക്കിയിട്ടുണ്ട്.

കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഭക്ഷ്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ താഴെ പറയുന്നവയാണ്:

1. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും/അവയുടെ ആധുനികവൽക്കരണത്തിനും, വികസനത്തിനും വേണ്ടിയുള്ള പദ്ധതി - സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 50 ലക്ഷം രൂപ
2. Cold Chain സംവിധാനങ്ങൾ (for non horticultural products) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 7 കോടി രൂപ
3. അറവുശാലകളുടെ ആധുനികവൽക്കരണം - പരമാവധി ഗ്രാന്റ് - 15 കോടിരൂപ
4. മാനവ വിഭവ ശേഷി വികസനത്തിനുള്ള പദ്ധതി - ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സാങ്കേതിക വിദ്യകളിൽ Degree/Diploma/Certificate കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സംരംഭകന് ലഭിക്കുന്ന പരമാവധി ഗ്രാന്റ് - 100 ലക്ഷം രൂപ

   വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്ന പദ്ധതി (Entrepreneurship Development Programme) സംരംഭകന് ലഭിക്കുന്ന ഗ്രാന്റ് - 3 ലക്ഷം രൂപ
5. ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം: സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 15 ലക്ഷം രൂപ
6. ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതി - സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 4 ലക്ഷം രൂപ
7. ഗ്രാമീണ മേഖലയിൽ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ/കളക്ഷൻ കേന്ദ്രങ്ങൾ എന്നിവ

സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ - പരമാവധി 2.5 കോടി രൂപ

8. Reefer വാനുകൾ - പരമാവധി - 50 ലക്ഷം രൂപ

ഇവകൂടാതെ കിൻഫ്ര സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള ഭക്ഷ്യ സംസ്കരണ പാർക്കിൽ വ്യവസായ ആവശ്യങ്ങൾക്ക് പൊതുവായ അടിസ്ഥാന സൗകര്യം എന്ന നിലയിൽ കോൾഡ് സ്റ്റോറേജ്, ഗുണനിലവാര പരിശോധന ലാബുകൾ, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ബിസിനസ് ഇൻക്യുബേറ്റർ സംവിധാനം എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

വ്യവസായ വാണിജ്യവകുപ്പ് മുഖാന്തിരം ഭക്ഷ്യസംസ്കരണ വ്യവസായം സംരംഭകത്വ സഹായപദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് വ്യവസായങ്ങൾക്ക് അനുവദിക്കുന്നതുപോലെ സാമ്പത്തികസഹായം അനുവദിക്കാറുണ്ട്. കൂടാതെ ഭക്ഷ്യസംസ്കരണ വ്യവസായം സംരംഭകത്വ സഹായപദ്ധതി പ്രകാരം മുൻഗണനാ വ്യവസായത്തിൽ ഉൾപ്പെടുത്തി മൊത്തം ഫിക്സഡ് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ 10% (പരമാവധി 10 ലക്ഷം രൂപ വരെ) അധികമായി അനുവദിക്കാറുണ്ട്.

| | |
|---|---|
| (സി) ജൈവഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനത്തിന് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | (സി) ജൈവഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനത്തിന് പ്രത്യേകമായി ആനുകൂല്യങ്ങൾ ഇല്ല. എന്നാൽ പൊതുവായ പദ്ധതികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ താഴെപറയുന്നവയാണ്. |

1. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും/അവയുടെ ആധുനികവൽക്കരണത്തിനും, വികസനത്തിനും വേണ്ടിയുള്ള പദ്ധതി സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 50 ലക്ഷം രൂപ
2. Cold Chain സംവിധാനങ്ങൾ (for non horticultural products) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 7 കോടി രൂപ
3. ഗ്രാമീണ മേഖലയിൽ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ/കളക്ഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ - പരമാവധി 2.5 കോടി രൂപ

വ്യവസായ വാണിജ്യവകുപ്പിൽ സംരംഭകത്വ സഹായപദ്ധതിയിൽ ഉൾപ്പെടുത്തി ജൈവഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനത്തിന് ഊന്നൽനൽകി യൂണിറ്റ് ഒന്നിന് പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്സിഡി നൽകിവരുന്നു.

Hesen Kend

സെക്ഷൻ ഓഫീസർ

w/